**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4365** **01-07-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ആരംഭിച്ച സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്തും, പത്ര മാധ്യമത്തിലൂടെ പരസ്യം നൽകിയും വ്യാപക പ്രചരണം നൽകി വരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ജില്ലാതലത്തിലും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും പദ്ധതി വിപുലീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി കൈക്കൊണ്ടു വരുന്നു. പദ്ധതി നിർവ്വഹണ ചുമതല ഉള്ള അധ്യാപകർക്ക് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് മുഖേന പരിശീലനം നൽകി വരുന്നുണ്ട്. പദ്ധതി നടത്തിപ്പിന് ആവശ്യമായ പാസ്സ് ബുക്ക്, ഡെയിലി സ്റ്റേറ്റ്മെന്റ്, ലെഡ്ജർ എന്നിവ സ്കൂളുകളിൽ വിതരണം ചെയ്യുന്നുമുണ്ട്. കൂടാതെ ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും നാഷണൽ സേവിങ്സ് സ്കീം പ്രവർത്തകരുടെയും വകുപ്പിലെ ഏജന്റുമാരുടെയും സഹകരണത്തോടെ പദ്ധതി വിപുലീകരിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ; | (ബി) | സ്റ്റുഡൻസ് സേവിങ്സ് സ്കീം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പ്രതിപാദിക്കുന്ന സ.ഉ.(അച്ചടി) നം.132/2022/ധന തീയതി 29.10.2022 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം -1). |
| (സി) | വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | വൈപ്പിൻ മണ്ഡലത്തിൽ സ്റ്റുഡൻസ് സേവിങ്സ് സ്കീം ആരംഭിച്ചിരിക്കുന്നത് RVUHS ചെറായി, VDSLPS ചെറുവൈപ്പ് എന്നീ രണ്ട് സ്കൂളുകളിലാണ്. |
| (ഡി) | മണ്ഡലത്തിലെ മറ്റുള്ള വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | വൈപ്പിൻ നിയോജക മണ്ഡലം ഉൾപ്പെടെ എറണാകുളം ജില്ലയിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ എറണാകുളം ജില്ലയിൽ 64 സ്കൂളുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വൈപ്പിൻ മണ്ഡലത്തിൽ |

